2024
ജൂൺ-ആഗസ്റ്റ്

# ധർമ്മഭേരി

ലക്കം1
4 പേജ്

Quarterly News Bulletin

SDPYBHS Palluruthy,Sreenarayana Nagar,Palluruthy PO,Kochi

ത്രൈമാസ വാർത്താപത്രം

## ലഹരി വിമുക്ത ലോകം സൃഷ്ടിക്കാം

ലഹരി വിമുക്ത ലോകം സൃഷ്ടിക്കാൻ യുവതലമുറ ലഹരിയിൽ നിന്ന് വിമുക്തരാകണം. കലയും സാഹിത്യവും കായികരംഗവും വിദ്യാലയങ്ങളിൽ അക്കാദമിക വിഷയങ്ങളോടൊപ്പം പ്രാധാന്യമുള്ളതായി മാറണം. ഇളംതലമുറയെ കലയിലൂടെയും സാഹിത്യത്തിലൂടെയും കായികരംഗങ്ങളിലൂടെയും മികച്ചവരാക്കി മാറ്റാൻ സാധിക്കും. നാടിനെ ലഹരിയുടെ പിടിയിൽ നിന്ന് മോചിപ്പിച്ച് സർഗ്ഗവാസനയുടെയും പ്രതിഭയുടെയും ലോകത്തേക്ക് പടുത്തുയർത്താൻ ആധുനിക വിദ്യാഭ്യാസത്തിന് കഴിയണം. പ്രതിഭാധനരായ മനുഷ്യരുടെ സമൂഹം സൃഷ്ടിക്കപ്പെടണം. ഇന്ത്യ മാനവിക വിഭവശേഷി കൊണ്ട് സമ്പുഷ്ടമായ രാജ്യമാണ്. വൈദഗ്ധ്യമുള്ള യുവതലമുറയെ സൃഷ്ടിച്ചെടുത്ത് ഇന്ത്യയെ ലോകരാഷ്ട്രങ്ങളിൽ തന്നെ മികച്ചതാക്കി മാറ്റാൻകഴിയും. കുട്ടികളെ അവരുടെ അഭിരുചിക്കനുസരിച്ച് വളർത്തി യെടുക്കാൻ രക്ഷകർത്താക്കളും അധ്യാപകരും ഒരുമിച്ച് പ്രവർത്തിക്കണം. അവ രുടെ ചിന്താശേഷിയെ വളർത്തിയെടുക്കാനും അവരിലുള്ള പ്രതിഭയെ കണ്ടെത്താനും വിദ്യാഭ്യാ സകാലത്തു തന്നെ സാ ധിക്കും.നാട് ലഹരി വിമുക്ത മാകണം. സമത്വ സുന്ദരമായ ഒരു നല്ല നാളേക്കായി സമൂഹം മുഴുവൻ ഒരു മിച്ച് കൈ കോർക്കാം.




## ബാലവേല വിരുദ്ധദിനം



ജൂൺ 12 ബാലവേല വിരുദ്ധ ദിനത്തോടനുബന്ധിച്ച്എസ്ഡിപി ഐ ബോയ്സ് സ്കൂളിൽ നടത്തിയ ചിത്രരചന മത്സരത്തിൽ അജ്മൽ ഷാ വിഎസ് ഒന്നാം സ്ഥാനം നേടി.പ്രധാന അ ധ്യാപിക എസ് ആർ ശ്രീദേവി ടീച്ചർ ബാലവേല വിരുദ്ധ സന്ദേശം നൽകി.

## പ്രവേശനോത്സവം



2024-25വർഷത്തെ പ്രവേശ നോത്സ വം എസ്ഡിപിവൈ സ്കൂളുകളുടെ സംയുക്താഭിമുഖ്യത്തിൽ ജൂൺ മൂന്നിന് രാവിലെ പത്തര മണിക്ക് സ്കൂൾ അങ്കണത്തിൽ വെച്ച് നടത്തു കയു ണ്ടായി.എസ്ഡിപിവൈ ഗേൾസ് സ്കൂളിന്റെ പിറ്റിഎ പ്രസിഡന്റ് പി ബി സുജിത്ത് അധ്യക്ഷത വഹിച്ച യോഗത്തിൽ എസ്ഡിപിവൈ യോഗം പ്രസിഡന്റ് കെ വി സരസൻ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു.കൊച്ചിൻ കോർപ്പറേഷൻ ശിശു വികസന ഓഫീസറായ ഇന്ദു വി എസ് ആയിരുന്ന ചടങ്ങിലെ മുഖ്യാതിഥി. എസ്ഡിപിവൈ ബോയ്സ് ഹൈസ്കൂളിലെ സോഷ്യൽ സയൻസ് അധ്യാപികയായ കെ ആർ ശാരി രക്ഷാകർതൃ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നാല്പതുമിനിറ്റ് ദൈർഘ്യമുള്ള അവതരണം നടത്തു കയു ണ്ടാ യി.ബിആർസി പ്രതിനിധി എസ് സിന്ധു,ദേവസ്വം മാനേജർ കെ ആർ മോഹനൻ,എസ്ഡിപിവൈ സ്കൂളുകളിലെ പ്രധാന അധ്യാപകർ എന്നിവർ ആശംസകളർപ്പിച്ചു.അക്കാദമിക തലത്തിലെ വിവിധ സ്കോളർഷിപ്പുകളായ എൻ എം എംഎസ് ,എൽഎസ്എ സ്, യു എസ്എസ് ലഭിച്ച കുട്ടിക ളേയും ഈ ചടങ്ങിൽ ആദരിക്ക കയു ണ്ടായി.എസ്ഡിപിവൈഎൽപി സ്കൂൾ പ്രധാന അധ്യാപിക ബിന്ദു രാഘവൻ ചടങ്ങിൽ കൃതജ്ഞത അർപ്പിച്ചു .കൃത്യം പതി നൊന്നര മണിക്ക് ചടങ്ങ് സമാപിച്ചു.




എസ്.ഡി.പി.വൈ. ബോയ്സ് ഹൈസ്കൂളിൽ വായന ദിനാ ചരണവും വിവിധ സ്കൂൾ ക്ലബുകളുടെ ഉദ്ഘാടനവും കരുവേലിപ്പടി ടാഗോർ ലൈബ്രറി സെക്രട്ടറി സി.എസ്.ജോസഫ് നിർവഹിച്ചു.ലോകത്തെ അറി യാൻ വായനഎത്രമാത്രം പ്രയോ ജനപ്രദമാണെന്ന് അദ്ദേഹം കുട്ടികളോട് പറഞ്ഞു. സ്കൂൾ വി ദ്യാരംഗം കലാസാഹിത്യ വേദിയുടെ നേതൃത്വത്തിൽ നടന്ന ചടങ്ങിൽ ഹെഡ്മിസ്ട്രസ് എസ്. ആർ. ശ്രീദേവി അധ്യക്ഷത വഹിച്ചു. എം.കെ.നിഷ,സീനിയർ അധ്യാപിക കെ.ആ ർ.ശാരിമോൾ, വിദ്യാർത്ഥികളായ മുഹമ്മദ് ഷാഹിദ്, ഫൗസാൻ അബ്ദുള്ള എന്നിവർ ചടങ്ങിൽ സംസാരിച്ചു. കുട്ടികൾ കവിത ആലപിക്കുകയും പുസ്തകപരിചയം നടത്തുകയും ചെ യ്തു. സ്കൂൾ ലൈബ്രറിയിൽ പുസ്തക പ്രദർശനം ഒരുക്കി യിരുന്നു. ഒരു മാസം നീണ്ടുനിൽക്കുന്ന പ്രവർത്ത നങ്ങ ൾക്കാണ് വായനാദിനത്തിന് തുടക്കമായത്. അധ്യാപകരായ ടി. എ ൻ.ഷീജ, കെ.പി.പ്രിയ, കെ.ആർ.ലീന എന്നിവരാണ് നേതൃത്വം നല്കിയത്.



## പരിസ്ഥിതി ദിനാചരണം

ജൂൺ 5 പരിസ്ഥിതിദിനാചരണം വിവിധ പരിപാടികളോടെ ആഘോഷിക്കുകയുണ്ടായി.സ്കൂൾ മുറ്റത്ത് ലവ്ലോലിക്ക ചെടി നട്ടുകൊണ്ടാണ് ആഘോഷത്തിന് തുടക്കം കുറിച്ചത്.ഹൈസ്കൂൾ വിഭാഗം കുട്ടികളുടെ പോസ്റ്റർ രചനാ പ്രദർശനം നടക്കുകയുണ്ടായി.**നമ്മുടെ ഭൂമി നമ്മുടെ ഭാവി** എന്നതാണ് ഈ വർഷത്തെ പരിസ്ഥിതി ദിന സന്ദേശം.അത് ഉൾക്കൊണ്ടുള്ള രചനകളുടെ പ്രദർശനമാണ് നടന്നത്. സ്കൂൾ അസംബ്ളിയിൽ അൻരാജ് ആർ സ്വന്തം കവിത അവതരിപ്പിച്ചു.അഞ്ചാം ക്ലാസിലെ നവജ് കൃഷ്ണ എ എസ് പരിസ്ഥിതി ദിന പ്രഭാഷണം നടത്തി.ഉച്ചക്ക് മൂന്നു മണിക്ക് ഹൈസ്കൂൾ വിഭാഗം കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടു നടത്തിയ പരിസ്ഥിതി ദിന ക്വിസ് മൽസരത്തിൽ പത്ത് ബിയിലെ അൻരാജ് ആർ ഒന്നാം സ്ഥാനവും ആദർശ് വി എസ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി










മട്ടാഞ്ചേരി ഉപജില്ല ഫുട്ബോൾ മത്സരം ജൂനിയർ ബോയ്സ് വിഭാഗത്തിൽ എസ് .ഡി. പി .വൈ .ബോയ്സ് ഹൈസ്കൂളിലെ കുട്ടികൾ ഒന്നാം സ്ഥാനം നേടി

## ഡിജിറ്റൽ പത്രനിർമ്മാണം - വിദ്യാർത്ഥികൾക്ക് പരിശീലനം നല്കി.

പള്ളുരുത്തി എസ്.ഡി.പി വൈ.ബോയ്സ് സ്കൂളിൽ ഹൈസ്കൂൾ വിദ്യാർഥികൾക്ക് ഡിജിറ്റൽ പത്ര നിർമ്മാണത്തിൽ പരിശീലനം നൽകി. പുത്തൻതോട് സ്കൂളിലെ മലയാള അധ്യാപകനും ഐ ടി @ സ്കൂൾ മുൻമാസ്റ്റർ ട്രെയിനറുമായ പ്രകാശ് പ്രഭുവാണ് പരിശീലനം നൽകിയത്. പരിശീലനം ലഭിച്ചകുട്ടികളിൽ നിന്ന് എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ച് ഈ അധ്യയന വർഷം ഓരോ ടേമിലും ഒരു പത്രം തയാറാക്കി പ്രസിദ്ധീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്. കുറഞ്ഞ സമയത്തിനുള്ളിൽ വാർത്തകളും ഫോട്ടോകളും ഉൾപ്പെടുത്തി ഒരു ഡിജിറ്റൽ പത്രത്തിന്റെ മാതൃക തയ്യാറാക്കുവാൻ കുട്ടികൾക്ക് കഴിഞ്ഞുവെന്ന് പരിശീലകൻ പറഞ്ഞു. പ്രധാനാധ്യാപിക എസ് ആർ ശ്രീദേവി, ലിറ്റിൽ കൈറ്റ്സ് കോർഡി നേറ്റർ ഒ.ആർ ബീന, എസ് ഐ ടി സി എസ്.ജി ദീപ, എം.കെ നിഷ , കെ . പി പ്രിയ, വി. എസ് .രജിത , ടി.എൻ ഷീജ എന്നിവർ നേതൃത്വം നൽകി.



## ദേശാഭിമാനി അക്ഷരമുറ്റം ക്വിസിൽ അൻരാജിന് രണ്ടാം സ്ഥാനം

ദേശാഭിമാനി അക്ഷരമുറ്റം മട്ടാഞ്ചേരി സബ് ജില്ലാ തലം ഹൈസ്കൂൾവിഭാഗം ക്വിസിൽ അൻരാജ് ആർ രണ്ടാംസ്ഥാനംനേടി ജില്ലാ തല മത്സരത്തിലേക്ക് തെ രഞ്ഞെട്ടു ക്കപ്പെട്ടു




# കരിയർ സെമിനാർ

ലോകതൊഴിൽ നൈപുണ്യ വാരാഘോഷത്തോടനുബന്ധിച്ച് എസ്ഡിപിവൈ ബിഎച്ച്എസിൽ പത്താംക്ലാസ് വിദ്യാർഥികൾക്ക് എറണാകുളം ജില്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വൊക്കേഷണൽ ഗൈഡൻസ് വിഭാഗം കരിയർ സെമിനാർ സംഘടിപ്പിച്ചു 2023പാഠ്യപദ്ധതി പരിഷ്ക്കരണവുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ലക്ഷ്യമാണ് തൊഴിൽഉദ്ഗ്രഥിത വിദ്യാഭ്യാസം കുട്ടികളെ ഹൈസ്ക്കൂളിൽ പഠിക്കുമ്പോൾ തന്നെ അഭിരുചിക്കനുസരിച്ച് കോഴ്സുകളും തൊഴിൽ മേഖലയും കണ്ടെത്താൻസഹായിക്കുക എന്ന ലക്ഷ്യമാണ് പരിപാടിക്കുള്ളത്. എറണാകുളം ജില്ലാ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് വൊക്കേഷണൽ ഗൈഡൻസ് വിഭാഗം ഓഫീസർ കെഎസ് സനോജ് കരിയർ സെമിനാർ ഉദ്ഘാടനംചെയ്തു. തൃശ്ശൂർഎംപ്ലോയ് മെന്റ് എക്സ്ചേഞ്ച് റിട്ടയേർഡ് ഓഫീസർ പിജെ ഷാജു ക്ലാസ് നയിച്ചു.അഭിരുചിക്കനുസരിച്ച് കോഴ്സുകൾ തെരഞ്ഞെടുത്ത് പഠിക്കാനും വ്യകതിത്വവികസനം നൈപുണ്യവികസനം ഇവയുള്ള പ്രാധാന്യത്തെക്കുറി വിവിധ കോഴ്സുകളെക്കുറിച്ചും കുട്ടികൾക്ക് അവബോധം നൽകി സ്കൂൾ എച്ച് എം എസ്ആർ.ശ്രീ ദേവി ടിവി ഷാരിമോൾ കെ.പി.പ്രിയ എംകെ നിഷ എന്നിവർ സംസാരിച്ചു.



## പള്ളുരുത്തി എസ്.ഡി.പി.വൈ.ബോയ്സ് സ്കൂളിൽ സ്കൂൾ ഒളിമ്പിക്സിന് തുടക്കമായി.

മട്ടാഞ്ചേരി അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വിഎസ് അനിൽകുമാർ ദീപശിഖതെളിച്ചു.ഡിവിഷൻകൗൺസിലർ സി.ആർ സുധീർ സ്കൂൾ ഒളിമ്പിക്സ് ഉദ്ഘാടനംചെയ്തു. പ്രധാനാധ്യാപിക എസ്ആർ ശ്രീദേവി ടീച്ചർ പതാക ഉയർത്തി ലഹരിവിരുദ്ധ സന്ദേശം ഉയർത്തിക്കൊണ്ടാണ് സ്കൂൾഒളിമ്പിക്സ് സംഘടിപ്പിച്ചത്.ഇൻസ്പെക്ടർ വിഎസ് അനിൽകുമാർ ലഹരിക്കെതിരെയുള്ള ബോധവത്ക്കരണം നടത്തി SAY NO TO DRUGS, YES TO SPORTS എന്നതായിരുന്നു മുദ്രാവാക്യം. എൻ. സി.സി കേഡറ്റ്സിന്റെ നേതൃത്വത്തിൽ നാലു ഹൗസുകളായി തിരിഞ്ഞ് കുട്ടികൾ നടത്തിയ മാർച്ച് പാസ്റ്റോടെയാണ് ചടങ്ങുകൾ ആരം ഭിച്ചത്. ഉദ്ഘാടന സമ്മേളനത്തിൽ എംകെ നിഷ സ്വാഗതവും കെപി പ്രിയ കൃതജ്ഞതയും അർപ്പിച്ചു.കായികാധ്യാപകൻ വി പി നിഥിൻ സാറിന്റെ നേതൃത്വത്തിലാണ് സ്കൂൾഒളമ്പിക്സ് സംഘടിപ്പിച്ചത്.




**നവീകരിച്ച എസ്.എൻ ഓഡിറ്റോറിയത്തിന്റെ പ്രവേശനകർമ്മം സ്കൂൾ മാനേജർ എ.കെ സന്തോഷ് നിർവ്വഹിക്കുന്നു**





## പ്രഥമ സ്കൂൾ ഒളിമ്പിക്സ്



പാരീസിൽ നടന്ന മുപ്പത്തിമൂന്നാം ഒളിമ്പിക്സിന്റെ പശ്ചാത്തലത്തിൽ പൊതുവിദ്യാഭ്യാസവകുപ്പിന്റെ നിർദേശമനുസരിച്ച്ഒളിമ്പിക്സ്ന്റെ പ്രാധാന്യവും മഹത്വവും വിദ്യാർത്ഥികളെ അറിയിക്കുന്നതിനായി ജൂലൈ27ന് സ്കൂളിൽ പ്രധാനാധ്യാപികഎസ്.ആർ. ശ്രീദേവി ടീച്ചർ സ്കൂൾ ഒളിമ്പിക്സ് ദീപശിഖ തെളിയിക്കുകയും കായികാധ്യാപകൻ വി.പി.നിധിൻ ഒളിമ്പിക്സ് സന്ദേശം നൽകുകയും ചെയ്തു. പള്ളുരുത്തി വില്ലേജ് ഓഫീസിനു മുമ്പിൽ നിന്ന് ഡിവിഷൻകൗൺസിലർസി.ജി.സുധീർ ഫ്ലാഗ് ഓഫ്ചെയ്ത ദീപശിഖ പ്രയാണം പ്രധാനറോഡിലൂടെ എസ്.ഡി.പി.വൈ ബോയ്സ്സ്കൂൾഅങ്കണത്തിൽ എത്തി. ഒളിമ്പിക്സ് വളയങ്ങളുടെ നിറങ്ങളിലുള്ള ടീഷർട്ടുകൾ ധരിച്ചെത്തിയ വിദ്യാർത്ഥികൾ ഒളിമ്പിക്സ് ചിഹ്നമായ പഞ്ചവർണ്ണ വളയങ്ങൾ തീർത്തു.സ്കൂളിലെ മുഴുവൻ വിദ്യാർത്ഥികളും അധ്യാപകരും അനധ്യാപകരും ദീപശിഖ പ്രയാണത്തിൽ പങ്കെടുത്തു. സീനിയർഅധ്യാപികടി.വിഷാരിമോൾ സമാപന ചടങ്ങിന് നന്ദി പറഞ്ഞു. പ്രഥമ സ്കൂൾ ഒളിമ്പിക്സ് ഈ വർഷം എറണാകുളം ജില്ലയിലാണ് നടക്കുന്നത്. അതിനു മുന്നോടിയായുള്ള ദീപശിഖാ പ്രയാണം കൂടിയായിരുന്നു ഇത്.

## അക്ഷരമുറ്റം ടാലൻറ് ഫെസ്റ്റ്



ദേശാഭിമാനി അക്ഷരമുറ്റം ക്വിസ് സ്കൂൾ തല മത്സരംആഗസ്റ്റ് 14 ഉച്ച യ്ക്ക് രണ്ടുമണിക്ക് നടത്തി. യുപി വിഭാഗത്തിൽ അബ്ദുൾ അർഷാദ് വിഎ ഒന്നാം സ്ഥാനവും സൂര്യദേവ് കെബി രണ്ടാം സ്ഥാന വും നേടി.ഹൈസ്കൂൾ വിഭാഗത്തിൽ അൻരാജ് ആർഒന്നാം സ്ഥാനവും അദ്വൈത് ദിനേശൻ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.



# ലഹരിക്കെതിരെ ബോധവൽകരണം



നാശാ മുക്ത് ഭാരത് അഭിയാന്റെ ഭാഗമായി സ്കൂൾ അസംബ്ലിയിൽ കുട്ടികൾ ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു. മട്ടാഞ്ചേരി അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വി.എസ് അനിൽകുമാർ സമൂഹത്തെ നശിപ്പിക്കുന്ന ലഹരി ഉപയോഗത്തിനെതിരെയുള്ള ബോധവൽകരണം നൽകി.



# അരങ്ങിലെ കലോത്സവകാഴ്ചകൾ








# സ്കൂൾകലോത്സവം

# അരങ്ങൊരുങ്ങി




എസ് ഡി പി വൈ ബോയ്സ് എച്ച്.എസ്,സ്കൂൾ കലോത്സവം '**അരങ്ങ്**' 2024 ഓഗസ്റ്റ് 22ന് വ്യാഴം തുടക്കമായി.പ്രശസ്ത സിനിമാ താരം സാജൻ പള്ളുരുത്തി കലോത്സവംഉദ്ഘാടനം ചെയ്തു. ലഹരിക്കെതിരെ മുദ്രാവാക്യമുയർത്തി കൊണ്ടാണ് ഈവർഷത്തെ കലോത്സവം ആഘോഷിക്കുന്നത്. സ്കൂൾ പ്രധാനാധ്യാപിക എസ് ആർ. ശ്രീദേവിടീച്ചർ അധ്യക്ഷത വ ഹിച്ചു. സീനിയർ അസിസ്റ്റൻറ് ടി.വി ഷാരിമോൾടീച്ചർ ആശംസകൾ അർപ്പിച്ചു സ്കൂൾ ലീഡർ ധാർമിക് ചടങ്ങിൽ പങ്കെടുത്തു. കലോത്സവം ജനറൽ കൺവീനർ രജിത ടീച്ചർ സ്വാഗതവും ജോയിന്റ് കൺവീനർ ഇന്ദുമോൾ ടീച്ചർ നന്ദിയും പറഞ്ഞു.സ്കൂളിലെ പൂർവ്വ വിദ്യാർത്ഥി കൂടിയായ സാജൻ പള്ളുരുത്തി, അദ്ദേഹം എഴുതിയ **ആശകൾ തമാശകൾ** സ്കൂൾലൈബ്രറിയിലേക്ക് നൽകി. എഴുതായി പ്രേരിപ്പിച്ചത് തന്നെ പഠിപ്പിച്ച രാജം ടീച്ചറാണെന്ന് അദ്ദേഹം കുട്ടികളോട് പറഞ്ഞു. പ്രധാനാധ്യാപിക പുസ്തകം ഏറ്റുവാങ്ങി. 22, 23 തീയതികളിലായാണ് കലാസാഹിത്യ മത്സരങ്ങൾ നടന്നത്. എസ്.ഡി. പി.വൈ സ്കൂൾ ഹാൾ, ശ്രീ ഭവാനിശ്വര കല്യാണ മണ്ഡപം ഓഡിറ്റോറിയം എന്നിവയായിരുന്നു മത്സരവേദികൾ.സ്കൂൾ കലോത്സവം മാന്വൽ പ്രകാരമുള്ള കാറ്റഗറി2,കാറ്റഗറി 3 വിഭാഗങ്ങളിലെ മത്സരങ്ങളാണ് യു.പി,ഹൈസ്കൂൾ ക്ലാസുകൾക്കായി നടന്നത്.സ്കൂളിലെ മുഴുവൻഅധ്യാപകരുടെയും അനധ്യാപകരുടെയും സഹകരണത്തോടെ രണ്ടുദിവസത്തെ മത്സ രങ്ങൾ സമുചിതമായി സംഘടിപ്പിച്ചു.മത്സരത്തിൽ പങ്കെടുത്ത കുട്ടികൾ മികച്ച പ്രകടനങ്ങൾ കാഴ്ച വെച്ചു.





**സാജൻ പള്ളുരുത്തി സ്കൂൾ ലൈബ്രറിയിലേക്ക് നൽകിയ അദ്ദേഹത്തിന്റെ ആശകൾ തമാശകൾ പ്രധാനാധ്യാപിക എസ് ആർ ശ്രീദേവി ടീച്ചർ ഏറ്റുവാങ്ങുന്നു.സ്കൂൾ ലീഡർ ധാർമ്മിക് സമീപം**






# ബഷീർ അനുസ്മരണദിനം




ജൂലൈ 5 ബഷീർ അനുസ്മരണദിനം എസ്.ഡി.പി.വൈ. ബോയ്സ് ഹൈസ്കൂളിൽ വിവിധ പരിപാടികളോടെ സംഘടിപ്പിച്ചു.നിവേദ്കൃഷ്ണൻ അനുസ്മരണ പ്രഭാഷണവും അർജുൻ സി.പി ബഷീർ കൃതികളുടെ പരിചയവും നടത്തി.ബഷീർ കൃതികളുടെ പ്രദർശനം ഹെഡ്മിസ്ട്രസ് എസ്.ആർ. ശ്രീദേവി ഉദ്ഘാടനം ചെയ്തു. പാത്തുമ്മയുടെ ആട്- പുസ്തക വായനയും ചർച്ചയും ഒമ്പതാംക്ലാസിലെ മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ചു കൊണ്ടാണ് നടത്തിയത്.എം.കെ സാനു മാഷിന്റെ ഏകാന്ത വീഥിയിലെ അവധൂതൻ എന്ന കൃതിയിൽ നിന്നെടുത്ത പാത്തുമ്മയുടെ ആട് - സത്യമായ കഥ എന്ന നിരൂപണ ഭാഗം ഒമ്പതാം ക്ലാസിലെ പുതിയ മലയാളം പാഠപുസ്തകത്തിൽ കുട്ടികൾക്ക് പഠിക്കാനുണ്ട്.ബഷീർ ക്വസ് സംഘടിപ്പിച്ചു. അൻരാജ് ആദർശ് എന്നീ കുട്ടികൾ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി. സ്കൂളിലെ മുഴുവൻ കുട്ടികൾക്കും പരിപാടിയിൽ പങ്കെടുക്കാൻ കഴിഞ്ഞു എന്നുള്ളതാണ് ഈ അനുസ്മരണദിനത്തിന്റെ പ്രത്യേകത.







# കുട്ടികളിൽ ഗണിതശാസ്ത്ര താൽപര്യമുണർത്താൻ പൈ ദിനാചരണം

എസ്ഡിപി വൈ ബോയ്സ് ഹൈസ്കൂളിൽ ജൂലൈ 22ന് ഗണിത ശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പൈ അപ്രോക്സിമേഷൻ ദിനം ആചരിച്ചു. കുട്ടികളിൽ ഗണിത ശാസ്ത്ര താൽപര്യം വർദ്ധിപ്പിക്കു ന്നതിനും പൈ എന്ന സ്ഥിരസംഖ്യയെ കുറിച്ച് അവബോധം നൽകുന്നതിനുമായി സ്കൂൾ അസംബ്ലിയിൽ പത്ത് ബിയിലെ നിഹാൽ ഒരു ലേഖനം അവതരിപ്പിച്ചു. ദിനാചരണവുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമ്മാണവും പോസ്റ്റർ പ്രദർശനവും സംഘടിപ്പിച്ചു. പൈയുടെ അനന്തമായ വില സൂചിപ്പിക്കുന്നതിനായി ഒരു പൈ കുട്ടിചങ്ങലയും അവതരിപ്പിക്കുകയുണ്ടായി പോസ്റ്റർരചനമത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ നൽകി.





## ധർമ്മഭേരി മുഴങ്ങുന്നു




എസ്ഡിപി വൈബോയ്സ്ഹൈസ്കൂളിൽ ഡിജിറ്റൽപത്രം ധർമഭേരി പുറത്തിറങ്ങുന്നു. സ്കൂളിൽ നടന്ന മൂന്നു മാസത്തെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയാണ് പത്രം തയ്യാറാക്കുന്നത്. ലിറ്റിൽകൈറ്റ്സിലെ വിദ്യാർഥികളാണ് എഡിറ്റോറിയൽ ബോർഡിൽ ഉള്ളത്.നിഹാൽ പി. എൻ, ധാർമിക്. എസ് എന്നിവരാണ് പത്രനിർമാണത്തിന്റെ ചുമതലക്കാർ.

# സമാധാന സന്ദേശവുമായി നാഗസാക്കി ദിനാചരണം




ഇനിയൊരു യുദ്ധം വേണ്ടേ വേണ്ടാ' എന്ന സന്ദേശവുമായി എസ്.ഡി.പി സ്കൂളിലെ വിദ്യാർഥികൾ പള്ളുരുത്തിയിൽ സംഘടിപ്പിച്ച റാലി




ഇനിയൊരു യുദ്ധംവേണ്ടേ വേണ്ടാ' എന്ന സന്ദേശവുമായി എസ്.ഡി.പി.വൈ ബോയ്സ് സ്കൂളിലെ വിദ്യാർഥികൾ പള്ളുരുത്തിയിൽ റാലി സംഘടിപ്പിച്ചു.പ്രധാനാധ്യാപിക എസ് ആർ ശ്രീദേവി ടീച്ചർ റാലി ഫ്ലാഗ് ഓഫ് ചെയ്തു. സോഷ്യൽ സയൻസ് ക്ലബ്ബിൻറെ നേതൃത്വത്തിലാണ് പരിപാടികൾ സംഘടിപ്പിച്ചത് ഒൻപത് ബിയിലെ നിവേദ് കൃഷ്ണ യുദ്ധവിരുദ്ധ സന്ദേശം പകരുന്ന പ്രഭാഷണം നടത്തി. ഒൻപത് എയിലെ ഷെഹിൻ രചിച്ച കവിത ആലാപിക്കുകയും ചെയ്തു. നാഗസാക്കി ദിനത്തിൻറെ ചരിത്രം ഉൾക്കൊള്ളുന്ന ചിത്രങ്ങളുടെ പ്രദർശനവും നടത്തി.ദിനാചരണവുമായി ബന്ധപ്പെട്ട വീഡിയോ പ്രദർശനം സംഘടിപ്പിച്ചു . കുട്ടികൾ സുഡാക്കോ കൊക്കുകൾ നിർമ്മിക്കുകയും ക്ലാസ് റൂമുകളിൽ പ്രദർശിപ്പിക്കുകയും ചെയ്തു.ലോകത്തിൽ സമാധാനവും ശാന്തിയും പുലരുവാൻ ലോക രാഷ്ട്രങ്ങളിൽ സമകാലത്തും നടക്കുന്ന യുദ്ധങ്ങൾ ഒഴിവാക്കണമെന്നും ആഹ്വാനം ചെയ്തുകൊണ്ടാണ് ദിനാചരണം നടത്തിയത്.





# മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയതിന്റെ ഓർമ്മ പുതുക്കി

മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ കാലുകുത്തിയതിന്റെ ഓർമ്മ പുതുക്കിക്കൊണ്ട് എസ്ഡിപിവൈ ബോയ്സ് ഹൈസ്കൂളിൽചാന്ദ്രദിനാചരണം സംഘടിപ്പിച്ചു.പത്ത് ബിയിലെ നിഹാലിന്റെ ആമുഖ പ്രഭാഷണത്തോടെ പരിപീടികൾക്ക് തുടക്കമായി.തുടർന്ന് കുട്ടികൾക്കായി പോസ്റ്റർ പ്രദർശനം, വീഡിയോപ്രദർശനം, ക്വിസ് മത്സരം എന്നിവയും സംഘടിപ്പിച്ചു.






## സ്കൂൾപാർലമെൻറ് തെരഞ്ഞെടുപ്പ്

24-25വർഷത്തെ സ്കൂൾപാർലമെൻറ് ഇലക്ഷൻ ആഗസ്റ്റ് 16ന് രാവിലെ 10മണിക്ക് നടന്നു. അധ്യാപകർ പ്രിസൈഡിങ് ഓഫീസർമാരായി. തെരഞ്ഞെടുപ്പിനശേഷംഓരോ ക്ലാസുകളിലും വിജയികളെ പ്രഖ്യാപിച്ചു.സ്കൂൾപാർലമെന്റ് ആദ്യയോഗം ചേർന്ന് ലീഡറെയും വകുപ്പുതല ലീഡർമാരെയും തെരഞ്ഞെടുത്തു.